(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.10/2175 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം
തീയതി 22.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നന്ദിയോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3)കാര്യാലയ പകർപ്പ്
4) സ്പെയർ

നം.കെ.എസ് എ റ്റി വി എം/ ജി പി10/215/2016 തീയതി 22.12.2016

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2.7.2016 മുതൽ 13.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 എൻക്വയറി നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോരട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ.എ,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.10.2016 മുതൽ 21.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. സജി<br>ശ്രീ. ടി. ചാക്കോ<br>ശ്രീ. കെ. മധു .<br>ശ്രീമതി.ശാലിനി.വി.കെ. | ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ സീനിയർ ഗ്രേഡ് ഓഡിറ്റർ സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ശൈലജാ രാജീവൻ | 10/2010 മുതൽ 31.10.2015 വരെ |
| | ശ്രീ. വി. വി. അജിത് കുമാർ | 19.11.2015 മുതൽ നാളിതുവരെ |
| സെക്രട്ടറി | ശ്രീ. ടി. സുദർശനൻ | 1.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സഞ്ജു. വി. നായർ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഷൈല. എം. എ. | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. I | ശ്രീ. സുബി. | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. II | ശ്രീ. വിജയലാൽ | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോസ് ക്രിസ്റ്റഫർരാജ് | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഹംസ | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഗീത | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (എച്ച്. സി.) | ഡോ. രാജ് കപൂർ<br>ഡോ. സജീന<br>ഡോ. ശ്രീജിത്ത് എൽ.കെ.<br>ഡോ അനന്താരചാപ്സ് | 1.4.2015 മുതൽ 30.4.2015 വരെ<br>1.7.2015 മുതൽ 15.10.2015 വരെ<br>16.10.2015 മുതൽ 9.11.2015 വരെ<br>10.11.2015 മുതൽ 31.3.2016 വരെ |

| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | പഞ്ചായത്ത് കടമുറികൾക്ക് വാടക ഈടാക്കിയില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-1 |
| 12 | വസ്തു നികുതി നിർണ്ണയം നടപടികൾ പൂർത്തിയാക്കിയില്ല. | 2-2 |
| | ഭാഗം 3 | |
| 13 | മൈക്ക് അനൗൺസ്മെന്റ് ജീപ്പ് വാടക തടസ്സം | 3-1 |
| 14 | കുടുംബക്ഷേമ ഉപകേന്ദ്രം വാടക - കൈപ്പറ്റ് രസീതിയില്ല | 3-2 |
| 15 | വിശദമായ ഡാറ്റാഷീറ്റ് , എസ്റ്റിമേറ്റ് ലഭ്യമല്ല. | 3-3 |
| 16 | അനുവദനീയമല്ലാതെ കൺസോളിഡേഷൻ ഉൾപ്പെടുത്തി നിരക്ക് നിർണ്ണയിച്ചു. - അധിക തുക നിരാകരിക്കുന്നു. | 3-4 |
| 17 | ഭാഗികമായ നടപ്പാത കോൺക്രീറ്റ് ഒഴിവാക്കണം | 3-5 |
| 18 | തെരുവ് വിളക്കുകൾ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-6 |
| 19 | ആശ്രയ പദ്ധതി പരാജയം | 3.7 |
| 20 | ടെണ്ടർ നിയമം പാലിച്ചില്ല | 3-8 |
| 21 | തൊഴിലുറപ്പ് പദ്ധതി അപാകങ്ങൾ | 3-9 |
| | ഭാഗം 4 | |
| 22 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 29 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26.3.2015 തീയതിയിലെ ജനറൽ കമ്മിറ്റി (/) 1-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കി. സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയിട്ടുള്ള പരസ്യനികുതി പോലെയുള്ള നികുതി ഇനങ്ങൾ പിരിച്ചെടുക്കാൻ ബജറ്റിൽ നിർദ്ദേശങ്ങളില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു ഉതകുന്ന ക്രിയാത്മക നിർദ്ദേശങ്ങളൊന്നും തന്നെ ബജറ്റിലില്ല. തൊഴിൽനികുതി , വാടക എന്നീ ഇനങ്ങളിൽ ബജറ്റ് നിർദ്ദേശവും യഥാർത്ഥ ഡിമാന്റും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. യഥാർത്ഥ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 14.6.2016 | ------ | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27588142 |
| വരവ് | 47353862 |

| | |
|---|---|
| ആകെ | 74942004 |
| ചെലവ് | 64369480 |
| നീക്കിയിരിപ്പ് | 10572524 |

# 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | വികസനഫണ്ട് (ജനറൽ) | 2956260 | 6648737 | 9604997 | 9604997 | 0 |
| 2 | വികസനഫണ്ട് (SCP) | 2470530 | 2999629 | 5470159 | 4846277 | 0 |
| 3 | വികസന ഫണ്ട് ടി.എസ്.പി. | 3022379 | 1902385 | 4924764 | 4924764 | 0 |
| 4 | സംരക്ഷണ ഗ്രാന്റ് റോഡ് | 1100778 | 4703132 | 5803910 | 5803910 | 0 |
| 5 | സംരക്ഷണ ഗ്രാന്റ് റോഡിതരം | 1910957 | 3880831 | 5791788 | 5791788 | 0 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1363360 | 8321630 | 9684990 | 6259511 | 0 |
| 7 | ലോക ബാങ്ക് സഹായം | 4018494 | 1536485 | 5554979 | 3835846 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 218 | 199 | 16 | 3 | 83.94% |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 39 | 22 | 12839827 | 8215343 | 63.98 |
| കൃഷി ഓഫീസർ | 10 | 7 | 3119172 | 553050 | 17.71 |
| വെറ്റിനറി സർജൻ | 4 | 2 | 1663000 | 729100 | 43.8 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 975000 | 975000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 8 | 7860800 | 3670161 | 46.6 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 2330000 | 1925298 | 82.6 |
| ഹെഡ് മാസ്റ്റർ ( ഗവ. എൽ.പി.എസ്.) | 2 | 0 | 400000 | 0 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (II) | 7 | 3 | 3656263 | 1205000 | 32.9 |
| അസി. എഞ്ചിനീയർ | 129 | 124 | 35541768 | 33214874 | 93.4 |
| മെഡിക്കൽ ഓഫീസർ ( എച്ച്.സി.) | 1 | 1 | 400000 | 387460 | 96.8 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3301495 | 3284665 | -(16830) | -5% |
| നികുതിയേതര വരവുകൾ | 623228 | 805451 | 182223 | 29 |


| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3301495 | 3284665 | -(16830) | -5% |
| നികുതിയേതര വരവുകൾ | 623228 | 805451 | 182223 | 29 |


## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | അപേക്ഷകൾ | തീരുമാനമെടുത്തവ | നിരസിച്ചവ | പരിഹാര മാർഗ്ഗം |
|---|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 29 | 29 | 4 | |
| തൊഴിൽ രഹിത വേതനം | 74 | 74 | 18 | |
| വിധവാ പെൻഷൻ | 143 | 143 | 8 | |
| വികലാംഗ പെൻഷൻ | 24 | 24 | 9 | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 6 | 1 | |
| വാർദ്ധക്യകാലപെൻഷൻ | 328 | 328 | 11 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 23444/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.9.2016 | 30.8.2016 വരെ | ലഭിച്ചിട്ടില്ല. | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പഞ്ചായത്ത് കടമുറികൾക്ക് വാടക ഈടാക്കിയിട്ടില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ വാടക പിരിക്കുന്നതിൽ വീഴ്ച പറ്റിയതിനാൽ പഞ്ചായത്ത് ഫണ്ടിന് 11524/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി/സ്റ്റാൾ നമ്പർ | വാടകക്കാരുടെ പേര് വിവരം | മാസ വാടക | കുടിശ്ശികയായിട്ടുള്ള മാസം | ആകെ തുക |
|---|---|---|---|---|---|
| | III | കെ. പ്രകാശ്, പ്രകാശ് ഭവൻ, പുലിയൂർ, പച്ച | 2150/- | ജനവരി 2016 മുതൽ മാർച്ച് 2016 വരെ | 6450 |
| | MKS-III, NP-II/911 | വിഷ്ണു പ്രകാശ്, കളിയൽ വീട്, പൗവ്വത്തൂർ | 987/- | മാർച്ച് 2016 | 987/- |
| | MKS-IV, NP-II/912 | വിഷ്ണു പ്രകാശ്, കളിയൽ വീട്, പൗവ്വത്തൂർ | 1408/- | മാർച്ച് 2016 | 1408/- |
| | MKS-XI, NP-II/294 | സത്യരാജൻ, റോസ്സി ഗാർഡൻ, ഇളവട്ടം | 893/- | ജനവരി/2016 മുതൽ മാർച്ച് 2016 വരെ | 2679/- |
| ആകെ | | | | | 11524/- |

കുടിശ്ശികയായ വാടക പിഴപ്പലിശ ഉൾപ്പെടെ പിരിച്ചെടുക്കേണ്ടതാണ്. പിരിച്ചെടുത്ത രേഖകൾ ഹാജരാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്.

### 2-2 വസ്തു നികുതി നിർണ്ണയം - നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ വസ്തുത നികുതി നിരക്കുകൾ പരിഷ്കരിച്ചു കൊണ്ട് സ.ഉ.(അ) നം.19/2011 /ത.സ്വ.ഭ.വ. തീയതി 14.1.2011 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. . 24.2.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ. 27.4.2015ലെ സ.ഉ.(എം.എസ്.)നം. 144/15/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം മേൽ ഉത്തരവിന് ഭേദഗതികളും നിർദ്ദേശിച്ചിരുന്നു. 16.12.2015ലെ സ.ഉ. (എം.എസ്.) നം. 358/2015/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്തുകളിലെ നികുതി നിർണ്ണയ പുനഃക്രമീകരണ നടപടികൾ 2015ഡിസംബർ 31 നുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

വസ്തു നികുതി വർദ്ധനവ്, നികുതിയിളവ് എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾക്ക് തുടർച്ചയായി മാറ്റം ഉണ്ടായതിനാൽ വസ്തു നിർണ്ണയ സോഫ്റ്റ് വെയറിൽ (സഞ്ചയ) കെട്ടിടങ്ങളുടെ വിവരങ്ങൾ കാലാനുസൃതമാക്കിയിട്ടില്ല. ഇക്കാരണത്താൽ വസ്തു നികുതി, 2015-16 ലെ കുടിശ്ശിക എന്നിവ കണക്കാക്കാനോ പിരിച്ചെടുക്കാനോ കഴിഞ്ഞിട്ടില്ല. സർക്കാർ ഉത്തരവിനനുസൃതമായി സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി നികുതി നിർണ്ണയം പൂർത്തിയാക്കി കുടിശ്ശികയുൾപ്പെടെ പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 (i)മൈക്ക് അനൗൺസ്മെന്റ് ജീപ്പ് വാടക തടസ്സം

ചെക്ക് നം. 22582 തീയതി 29.3.2016 , വൗച്ചർ നം. 21501417/29.3.2016

നന്ദിയോട് ഗ്രാമപഞ്ചായത്തിന് KL.21 E 3918 എന്ന നമ്പരിൽ സ്വന്തമായി ജീപ്പുണ്ട്. എന്നാൽ ഊർജ്ജിത നികുതി പിരിവ് മൈക്ക് അക്കൗൺസ്മെന്റിനായി മറ്റൊരു ജീപ്പ് വാടകയ്ക്കെടുത്ത് (KL .21 B 8748) വാടകയായി 2280/- രൂപ നൽകിയിരിക്കുന്നു. ഈ തുക അനാവശ്യ ചെലവായതിനാൽ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. 29.3.2016ൽ പഞ്ചായത്ത് വാഹനം നെടുമങ്ങാട് ട്രഷറിയിലേയ്ക്ക് ഓട്ടം പോയിട്ടുള്ളതായി ലോഗ് ബുക്കിൽ കാണുന്നു. ആയതിനാൽ വർക്ക് ഷോപ്പിൽ ആയിരുന്നില്ല.

(ii) വാഹനം സ്വന്തമായുള്ളപ്പോൾ സ്വകാര്യ വാഹനം വാടകയ്ക്കെടുത്തു - തുക തടസ്സം ചെയ്യുന്നു.

ചെക്ക് നം. 22586/29.3.2016 വൗച്ചർ നം. 21501422

പഞ്ചായത്തിന് സ്വന്തമായി വാഹനം ഉള്ളപ്പോൾ പഞ്ചായത്ത് അസോസിയേഷൻ ഹാളിലും കുടപ്പനകുന്നിലും ഔദ്യോഗിക ആവശ്യത്തിന് പോകാനായി സ്വകാര്യ വാഹനം വാടകയ്ക്കെടുത്ത് 2500/- രൂപ നൽകിയിട്ടുള്ളളത് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (6.2.2016 , 3.2.2016 KL21J799) നമ്പരിലെ വാഹനം) ലോഗ് ബുക്ക് പ്രകാരം 13.2.2016ൽ മാത്രമാണ് സ്വന്തം വാഹനം റിപ്പയറിനായി വർക്ക് ഷോപ്പിൽ നൽകിയിരിക്കുന്നത്.

## 3-2 കുടുംബക്ഷേമ ഉപകേന്ദ്രം വാടക- കൈപ്പറ്റ് രസീതില്ല.

വൗച്ചർ നം. 22601/31.3.2016 , 22602/ 31.3.2016

താഴെ പറയുന്ന കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾക്ക് വാടക നൽകിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമല്ല.

| ഉപകേന്ദ്രം | തുക | ചെക്ക് നം. | തുക കൈപ്പറ്റിയ ജീവനക്കാരൻ |
|---|---|---|---|
| താന്നിമൂട് (2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെ) | 8400/- | 022601/31.3.2016 (16800/-) (ഇതിൽ 8400/- രൂപ പാപ്പനംകോട് ഉപകേന്ദ്രത്തിന്റെ കെട്ടിട ഉടമസ്ഥൻ മൈക്കിൾ ജെറോമിനും നൽകി. | ശ്രീമതി റീന സി.ഡി. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| പുലിയൂർ | 8400/- | | ശ്രീ. കെ. വിജയകുമാരി, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| ആകെ | 16800/- | | |

കൈപ്പറ്റ് രസീത് ലഭ്യമല്ലാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 വിശദമായ ഡാറ്റാ ഷീറ്റ്, എസ്റ്റിമേറ്റ് - ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വിശദമായ ഡാറ്റാഷീറ്റോ, എസ്റ്റിമേറ്റോ ഹാജരാക്കിയിട്ടില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനോടൊപ്പം, എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ്പ്ലാൻ, ഡ്രോയിങ്ങ്സ് എന്നിവ നിർബന്ധിതമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ അബ്സ്ട്രാക്ട് എസ്റ്റിമേറ്റാണ് detailed എസ്റ്റിമേറ്റ് എന്ന പേരിൽ പ്രോജക്ടിനോടൊപ്പം വച്ചിട്ടുള്ളത്. DSR 2014 പ്രകാരമാണ് ഡാറ്റാ കണക്കാക്കിയിട്ടുള്ളതെങ്കിലും മിക്കപ്പോഴും ഭരണ വകുപ്പ് അംഗീകരിക്കാത്ത MORD സ്പെസിഫിക്കേഷൻ പ്രകാരവും മറ്റും പണികൾ ചെയ്തിരിക്കുന്നു. ഈ നടപടി അവസാനിപ്പിക്കേണ്ടതും മാർഗ്ഗ നിർദ്ദേശങ്ങൾനുസൃതമായി പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുമാണ്.

## 3-4 അനുവദനീയമല്ലാത്ത കൺസോളിഡേഷൻ ഉൾപ്പെടുത്തി നിരക്ക് നിർണ്ണയിച്ചു.- അധിക തുക നിരാകരിക്കുന്നു.(രൂ. 75129/-)

ഗ്രാമപഞ്ചായത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയിലെ ഒരിനമായി താഴെ പറയുന്ന ഒബ്സർവ് ഡാറ്റാ (മോഡിഫൈഡ് ഡാറ്റ) ഉൾപ്പെടുത്തിയിട്ടുണ്ട്. “Filing up low lying and water logged area with local material, quary muck spread in layers leveling etc... complete” ക്വാറി മക്കിന്റെ വില ക്യൂബിക് മീറ്ററിന് 800/- രൂപ നിരക്കിലാണ് കണക്കാക്കിയിട്ടുള്ളത്. 300 m$^3$ ക്വാറി മക്ക് അടിസ്ഥാനമാക്കിയാണ് ഒബ്സർവർഡ് ഡാറ്റ (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് 2014 അടിസ്ഥാനത്തിൽ) തയ്യാർ ചെയ്തിട്ടുള്ളത്. 300 m$^3$ ക്വാറി മക്കിന് അനുവദനീയമായ നിരക്ക് 240000/- രൂപയാണ്. എന്നാൽ പഞ്ചായത്തിലെ പ്രവൃത്തിയ്ക്ക് 28% അധികം തുക കൺസോളിഡേഷൻ/വോയ്ഡ് കൂടി ഉൾപ്പെടുത്തി 307200/- രൂപയുടെ അടിസ്ഥാനത്തിൽ ഡാറ്റാ തയ്യാറാക്കി.

<u>അനുവദനീയമായ നിരക്ക്</u>

ക്വാറി മക്കിന്റെ വില 300 m$^3$ @ 800/ m$^3$ - 240000

| 2014 DSR പ്രകാരം ലേബർ കോഡ് നം. | | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 0128 | Mate day | 0.4 | 363 | 145.2 |
| 0139 | Skilled beldar | 2 | 363 | 726 |
| 0114 | Beldar Day | 8 | 329 | 2632 |
| ആകെ | | | | 243503.2 |

ക്വാറി മക്കിന്റെ വില മാർക്കറ്റ് റേറ്റ് ആയതിനാൽ കോസ്റ്റ് ഇൻഡക്സ് ബാധകമല്ല. ക്വാറി മക്കിന്റെ വില കഴിച്ചുള്ള തുക

243503.2-240000 - 3503.2

കൂട്ടുക 1% വാട്ടർ ചാർജ്ജ് - 35.03

(31.7.2015 വരെ)

ആകെ - 3538.23

(കോസ്റ്റ് ഇൻഡക്സ് 1.429 (ഷേൻ 2014 TVM)

ലേബറിനെ കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിച്ചാൻ 5056.13 (A)

ക്വാറി മക്ക് വില 240000

വാട്ടർ ചാർജ്ജ് 1% 2400

ആകെ 242400 (B)

(A) +(B) 247456.13 (300 $m^3$ ന്)

1 $m^3$ ന് നൽകാവുന്നത് 247456.13 = 824.85 (31.7.2015 വരെ) (X) 300

1.8.2015 ന ശേഷം കോസ്റ്റ് ഇൻഡക്സ് 1.4667

3538.23 x 1.4667 = 5189.52 (C)

360 $m^3$ ന് 247589.52

(B) + (C) 1 $m^3$ ന് 825.3 (Y)

താഴെപറയും പ്രകാരമാണ് മോഡിഫൈഡ് ഡാറ്റ തയ്യാർ ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി നം. 5 ന് നൽകിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പ്രസ്താവിച്ചിരിക്കുന്നു.

Filling up low lying and water logged areas with local materila/quarry muck spread in layers, levelling the top at site and consolidation by ramming etc .... complete

Details for 300 cubic meter

Market rate

quantity rate total amt

Soil gravel mixture/quarry waste 384 800 307200/-

(300 $m^3$ പകരം 384 $m^3$ ന്റെ വില നൽകി റേറ്റ് എടുത്തു)

| DSR code No. . | (per day basis) | Quantity labour | Amount /day | Total amount |
|---|---|---|---|---|
| 128 | Mate | 0.4 | 363 | 145.2 |
| 139 | Skilled beldar | 2 | 363 | 726.00 |

| | | | | |
|---|---|---|---|---|
| 114 | Beldar | 8 | 329 | 2632 |
| | | | | 310703.2 |

മാർക്കറ്റ് വില 307200

കൂട്ടുക വാട്ടർ ചാർജ്ജ് 1(%) 3072

ആകെ 310272 (A)

മാർക്കറ്റ് റേറ്റിലെ തുക കിഴിവ് ബാക്കി - 3503.2 (ലേബർ ചാർജ്ജ്)

വാട്ടർ ചാർജ്ജ് 1% - 35.03

ആകെ - 3538.23 (B)

For 1 cubic meter & with cost index 1.38

(A+Bx1.38) = 310272+3538.23x1.38

300cubic meter = 315154.76

For 1 cubic meter = 1051.09

Add CP & OH 15% 157.66

1208.75

CP ഉൾപ്പെടെ 1208.75 രൂപയും, CP കിഴിച്ച് 1051.09 രൂപയും 1.38 cost index പ്രകാരം നിശ്ചയിച്ചു.

എന്നാൽ അധികമായി കൺസോളിഡേഷൻ ഉൾപ്പെടുത്തി നിർണ്ണയിച്ച നിരക്ക് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വിവിധ പദ്ധതികൾക്ക് അനുവദനീയമായതിൽ അധികം നൽകിയ നിരക്ക് ഓഡിറ്റിൽ നിരാകരിക്കുന്നു.

I. പ്രോജക്ട് നം. - എസ്.ഒ. 204/16

തീർപ്പാറ മാക്ക് എസ്.റ്റി. റോഡ് കോൺക്രീറ്റ്

അടങ്കൽ തുക - 496500/-

ചെലവ് - 497665/-

ബിൽ നം. - 83/2015-16

ഡി ഡി നം. - 980447 തീയതി 5.11.2015

കൺവീനർ - പ്രതീഷ്

നിർവഹണം - സഞ്ജു. പി. നായർ, അസിസ്റ്റന്റ് എഞ്ചിനീയർ

ഇനം. 2

Filling up low lying and water logged area with local material quarry muck speread in layers levelling etc complete

നൽകിയത് - 13.67 m□ @ 1051.08/ m□ = 14368 (A)

നൽകാവുന്നത് - 13.67 m□ @ 825.3 (11/15 ലെ പ്രവൃത്തി (y) പ്രകാരം 11281.85 » 11282 രൂപ

അധികം നൽകിയത് (A)-(B) = 3086/- രൂപ

II. പ്രോജക്ട് നം. - എസ്.ഒ. 201/16

<u>വട്ടപ്പൻ കാട്- പ്രാമല കരിയ്ക്കകം റോഡ് കോൺക്രീറ്റിംഗ്</u>

അടങ്കൽ തുക - 400000/-

ചെലവ് - 400000/-

ഡി.ഡി. നം. 521640/25.8.2015

കൺവീനർ രാധികാമോൾ

നിർവഹണം സഞ്ജു. പി. നായർ, അസിസ്റ്റന്റ് എഞ്ചിനീയർ

എം. ബുക്ക് നം. 109/15-16

<u>ഇനം. 2</u>

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 29.889 m□ @ 1048.94 = 31351.77

നൽകാവുന്നത് - 12.87 m□ @ 825.3 = 10621.61

അധികം നൽകിയത് = 2905.79/- രൂപ » 2906

III. പ്രോജക്ട് നം. - എസ്.ഒ. 161/15

<u>കുറുന്താളി വടക്കേവിള മിച്ചഭൂമി റോഡ് കോൺക്രീറ്റ്</u>

അടങ്കൽ തുക - 430000/-

കൺവീനർ - രാജ്കുമാർ.

ഡി ഡി നം. 516979 തീയതി 2.4.2015 , 521927 തീയതി 16.9.2015

ചെലവ് - 428816/-

എം. ബുക്ക് നം. - 421/14-15

നിർവഹണം - സഞ്ജു. പി. നായർ, അസിസ്റ്റന്റ് എഞ്ചിനീയർ

<u>ഇനം. 2</u>

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 29.889 m□ @ 1048.94/ m□ = 31351.77»31352

അനുവദനീയം - 29.889 $m^3$ @ 825.3 =24658.425»24658

അധികം നൽകിയത് നിരാകരിക്കുന്നത് = 6694/- രൂപ

IV പ്രോജക്ട് നം. - എസ്.ഒ. 110/15

അക്കരൈ-ആനക്കുളം എസ്.സി. റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 485000/-

കോൺട്രാക്ടർ - വിജയസേനൻ നായർ

നിർവഹണം - സഞ്ജു. പി. നായർ

ചെലവ് - 484178

ഡി ഡി നം. -519387/29.6.2015

എം. ബുക്ക് നം. - 64/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 28.44 $m^3$ @ 1206.28/ $m^3$ = 34306

നൽകാവുന്നത് - 28.44 $m^3$ @ 824.85 =23459

അധികം നൽകിയത് = 10847/- രൂപ

V പ്രോജക്ട് നം. - എസ്.ഒ. 131/15

കള്ളിപ്പാറ-ആലുവിള നടപ്പാത കോൺക്രീറ്റിംഗ്

അടങ്കൽ തുക - 4,00,000/-

കൺവീനർ - സുബാഷ്. ബി.

നിർവഹണം - സഞ്ജു. പി. നായർ

ചെലവ് - 399999/-

ഡി ഡി നം. -516978/20.4.2015 , 519383/29.6.2015

എം. ബുക്ക് നം. - 536/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 17.17 $m^3$ @ 1048.94 = 18010.29

നൽകാവുന്നത് - 17.17 $m^3$ @ 824.85 = 14162.67

അധികം നൽകിയ തുക നിരാകരിക്കുന്നത് = 3847.62 »3848

VI പ്രോജക്ട് നം. - എസ്.ഒ. 133/15

നളന്ദ-പാവറ റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 300000/- ( 2014-15 1 ലക്ഷം, 2015-16 2 ലക്ഷം)

കൺവീനർ - രാജേശ്വരൻ നായർ

നിർവഹണം - സഞ്ജു. പി. നായർ

ചെലവ് - 299186/-

ഡി ഡി നം. -51924/16.9.2015 , 551793/18.3.2015

എം. ബുക്ക് നം. - 542/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 15.04 $m^3$ @ 1048.94 = 15776.06

നൽകാവുന്നത് - 15.04 $m^3$ @ 825.3 = 12412.51

അധികം നൽകിയ തുക നിരാകരിക്കുന്നത് = 3363.55 »3364

VII പ്രോജക്ട് നം. - എസ്.ഒ. 144/15

കുറുന്താളി ലക്ഷം വീട് - പുളിമൂട് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 5,00,000/- (2014-15 : 175000, :2015-16, 325000)

കൺവീനർ - ബാബു.ജി.

നിർവഹണം - സഞ്ജു. പി. നായർ

ചെലവ് - 499549/-

ഡി ഡി നം. -519385/29.6.2015

എം. ബുക്ക് നം. - 428/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 32.12 $m^3$ @ 1048.94 = 33691.95

നൽകാവുന്നത് - 32.12 $m^3$ @ 824.85 = 26494.18

അധികം നൽകിയ തുക നിരാകരിക്കുന്നത് = 7197.77 »7198

VIII പ്രോജക്ട് നം. - എസ്.ഒ. 150/15

പുലിയൂർ അംഗനവാടി - കുറവൻകോണം റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 4,35,000/- (2014-15 : 2,35,000, :2015-16 2,00,000)

കൺവീനർ - രാജലക്ഷ്മി. വി.

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 429143/-

ഡി ഡി നം. -945638 തീയതി 5.2.2015, 519382/29.5.2015

എം. ബുക്ക് നം. - 360/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 38.83 m$^3$ @ 1048.94 = 40730.34

നൽകാവുന്നത് - 38.83 m$^3$ @ 824.85 = 32028.93

അധികം നൽകിയ തുക നിരാകരിക്കുന്നത് = 8701.41 »8701

XI പ്രോജക്ട് നം. - എസ്.ഒ. 171/15

ചൂടൽ- മൂന്നാറ്റുമുക്ക് റോഡ് കോൺക്രീറ്റിങ്ങ്

അടങ്കൽ തുക - 500000

കൺവീനർ - ശ്യാം. എസ്.

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ചെലവ് - 498211

ഡി ഡി നം. -521926/16.9.2015 , 948146/30.3.2015

എം. ബുക്ക് നം. - 534/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 4129 m$^3$ @ 1048.94 = 43310.73

നൽകാവുന്നത് - 42.26m$^3$ @ 825.3 = 34877.18

അധികം നൽകിയ തുക നിരാകരിക്കുന്നത് = 8433.55 »8434

X പ്രോജക്ട് നം. - എസ്.ഒ. 231/15

ഇളവട്ടം ഉമ്പോട്ടുവിള പൊരിയം റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 500000/-

കൺവീനർ - ശ്രീ. പഞ്ചമൻ നായർ

ചെലവ് - 500000

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. -520955 തീയതി 31.7.2015

എം. ബുക്ക് നം. - 128/15-16

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 5.96 m□ @ 1048.94 = 6252

നൽകാവുന്നത് - 5.96 m□ @ 824.85 = 4916

അധികം നൽകിയ തുക നിരാകരിക്കുന്നത് = 1336

XI പ്രോജക്ട് നം. - എസ്.ഒ. 118/15

ഇളവട്ടം മാമൂട് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 3 ലക്ഷം /-

കൺവീനർ - ടൈറ്റസ്

ചെലവ് - 293082

നിർവഹണം - ശ്രീ. സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. - 042800/17.7.2015

എം. ബുക്ക് നം. - 688/14-15

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 24.32 m□ @ 1048.94 എം$^3$ = 25510.22

നൽകാവുന്നത് - 24.32 m□ @ 824.85 = 20060.35

അധികം നൽകിയ തുക നിരാകരിക്കുന്നത് = 5450

XII പ്രോജക്ട് നം. - എസ്.ഒ. 173/15

തോട്ടുമുക്ക് - ചോനൻവിള് ലക്ഷം വീട് കോളനി നടപ്പാത കോൺക്രീറ്റിംഗ്

അടങ്കൽ തുക - 3 ലക്ഷം /-

കൺവീനർ - ശ്രീ. രതീഷ്

ചെലവ് - 299910

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. - 516972/20.4.2015

എം. ബുക്ക് നം. - 112/15-16

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 18.20 m□ @ 1048.94 എം$^3$ = 19090.71

നൽകാവുന്നത് - 18.2 m□ @ 824.85 = 15012.27

അധികം നൽകിയ തുക നിരാകരിക്കുന്നത് = 4078.44 »4078

XIII പ്രോജക്റ്റ് നം. - എസ്.ഒ. 200/16

തെക്കേ കോൺ എസ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 4 ലക്ഷം /-

കൺവീനർ - ശ്രീ. നടേശൻ.കെ

ചെലവ് - 396811

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. - 772837/1.3.2016

എം. ബുക്ക് നം. - 611/15-16

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 9.94 m□ @ 1051.08 എം$^3$ = 10447.74

നൽകാവുന്നത് - 9.94 m□ @ 824.85 = 8203.48

അധികം നൽകിയ തുക നിരാകരിക്കുന്നത് = 2244.26 »2244

XIV പ്രോജക്റ്റ് നം. - എസ്.ഒ. 085/16

വാളങ്കുഴി ഈട്ടിമൂട് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക - 498500 /-

കൺവീനർ - ശ്രീ. കുമാർകാണി

ചെലവ് - 498500

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. - 521135/14.8.2015

ഇനം. 2

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 14.05 m□ @ 1051.08 എം$^3$ = 14767.67

നൽകാവുന്നത് - 14.05 m□ @ 825.3 = 11595.47

അധികം നൽകിയ തുക നിരാകരിക്കുന്നത് = 3172.2»3172

XV പ്രോജക്റ്റ് നം. - എസ്.ഒ. 135/16

<u>പ്രിൻസ് പ്ലാന്റേഷൻ - ഇളവൻകോണം റോഡ് കോൺക്രീറ്റിംഗ്</u>

അടങ്കൽ തുക - 2 ലക്ഷം /-

കൺവീനർ - എസ്.പി. മണികണ്ഠൻ

ചെലവ് - 200000/-

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. - 537048/21.10.2015

എം. ബുക്ക് നം. - 220/2015-16

<u>ഇനം. 2</u>

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 7.756 m□ @ 1051.08 എം$^3$ = 8152.17

നൽകാവുന്നത് - 7.756 m□ @ 825.3 = 6401.03

അധികം നൽകിയ തുക നിരാകരിക്കുന്നത് = 1751.14 »1751

XVI പ്രോജക്റ്റ് നം. - എസ്.ഒ. 211/16

<u>നീർപ്പാറ – ഇളവട്ടം റോഡ് കോൺക്രീറ്റിംഗ്</u>

അടങ്കൽ തുക - 272000/-

കൺവീനർ - ശ്രീ. ഗിരീശൻ കാണി

ചെലവ് - 272000

നിർവഹണം - സഞ്ജു. പി. നായർ , അസിസ്റ്റന്റ് എഞ്ചിനീയർ

ഡി ഡി നം. - 982591/2.1.2016

എം. ബുക്ക് നം. - 102/15-16

<u>ഇനം. 2</u>

Filling up low lying and water logged area with local material quarry muck spread in layers levelling etc complete

നൽകിയത് - 8095 m³ @ 1051.08 എം$^3$ = 9407

നൽകാവുന്നത് - 8.95 m³ @ 825.3 = 7386

അധികം നൽകിയ തുക നിരാകരിക്കുന്നത് = 2021

## 3-5 ഭാഗികമായി നടപ്പാത കോൺക്രീറ്റിംഗ് - ഒഴിവാക്കേണ്ടത് സംബന്ധിച്ച്

പഞ്ചായത്തിൽ 2015-16വർഷം ഏറ്റെടുത്ത പ്രോജക്ടുകളും, സ്പിൽ ഓവർ പ്രോജക്ടുകളും ഭൂരിഭാഗവും റോഡ് കോൺക്രീറ്റിംഗ് ആണ്. മിക്കപ്പോഴും, റോഡ് പൂർണ്ണമായി കോൺക്രീറ്റ് ചെയ്യാതെ 100 മീറ്ററോ അതിൽ കുറവോ ഭാഗമാണ് കോൺക്രീറ്റ് ചെയ്ത് കാണുന്നത്. ഇത് വർഷാവർഷം ഒരേ ഭാഗത്ത് വീണ്ടും ജോലി ചെയ്യേണ്ട സാഹചര്യം ഉളവാക്കുന്നു. ഒരു പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഒരു നടപ്പാത പൂർണ്ണമായും സഞ്ചാരയോഗ്യമാക്കിയെങ്കിലേ നിർമ്മാണത്തിന്റെ ഗുണം പൂർണ്ണമായി ജനങ്ങൾക്ക് ലഭ്യമാകുകയുള്ളൂ. തുടർന്നുള്ള വർക്ക് കാലതാമസം നേരിടുകയാണെങ്കിൽ ചെയ്ത ജോലിയ്ക്ക് ബലക്ഷയമുണ്ടാകാനുള്ള സാധ്യതയുണ്ട്. പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ദീർഘവീക്ഷണത്തോടെ ചെയ്യേണ്ടതാണ്.

## 3-6 തെരുവു വിളക്കുകൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സ.ഉ.നം.65529/ഡിസി3/12/ത.സ്വ.ഭ.വ. തീയതി 12.3.2013 പ്രകാരം മിറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെങ്കിലും നാളിതുവരെ നന്ദിയോട് പഞ്ചായത്തിൽ മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല. എല്ലാ മാസവും ശരാശരി 100335/- രൂപ തെരുവുവിളക്കുകളുടെ ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് നൽകിവരുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുകയും കേടായ ഉപകരണങ്ങൾ സമയബന്ധിതമായി മാറ്റിയിടുകയും ചെയ്യേണ്ടതാണ്. പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണങ്ങൾക്കനുസൃതമായി ചാർജ്ജ് അടവാക്കുന്നതെന്ന് ഭരണ സമിതി ഉറപ്പു വരുത്തേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി - പരാജയം

ആശ്രയ പദ്ധതി പ്രകാരം അഗതി കുടുബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം മാത്രമേ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ചലഞ്ച് ഫണ്ടിൽ നിന്നുള്ള 5 ലക്ഷം രൂപയും പൂർണ്ണമായും ഇതിനു വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. ഏറ്റവും പിന്നുണ ആവശ്യമായ ജനവിഭാഗങ്ങൾ ഗുണഭോക്താക്കൾ ആയിട്ടുള്ള ആശ്രയ പദ്ധതിയ്ക്കു വേണ്ടി വി.ഇ.ഒ. നിർവഹണോദ്യോഗസ്ഥനായി 100000/- രൂപ വകയിരുത്തി ആശ്രയ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണം (ജനറൽ) എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും അത് നടപ്പിലാക്കിയിട്ടില്ല. അടിസ്ഥാന സൗകര്യ വികസനം ആശ്രയ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കടമയാണെന്നിരിക്കെ പദ്ധതി നടപ്പിലാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. വീട് പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ 2015-16 വർഷത്തിൽ നടപ്പിലാക്കിയെങ്കിലും ആശ്രയ ഗുണഭോക്താക്കൾക്ക് ആർക്കും തന്നെ പ്രസ്തുത പദ്ധതികളിൽ നിന്നും ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. ഇതു കൊണ്ടു തന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു മുൻപു തന്നെ അതിലും ഉയർന്ന ശേഷിയുള്ള മറ്റു വിഭാഗങ്ങളിലുള്ളവർക്ക് ആനുകൂല്യം ലഭിക്കുന്നതിന് ഇടയായി എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സാമൂഹിക നീതി ഉറപ്പു വരുത്തുക എന്ന

നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നു. വരും വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ആശ്രയ പദ്ധതി പ്രകാരമുള്ള മാർഗ്ഗരേഖ പാലിക്കുന്നതിൽ പഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണ്.

## 3-8 ടെണ്ടർ നിയമങ്ങൾ പാലിച്ചില്ല.

പദ്ധതി - മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

പ്രോജക്ട് നം. -121/16

അടങ്കൽ - 1515000(ലോക ബാങ്ക് ധനസഹായം)

ചെലവ് തുക - 1365600 (ബിൽ നം. 27/15-16/29.3.2016

നിർവഹണം - സെക്രട്ടറി

നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 15 മിനി ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ടെണ്ടർ വിളിച്ചതിൽ ശ്രീ. കെ. എസ്. പ്രസാദ്, എസ്.കെ. ഇലക്ട്രിക്കൽസ്, ആറയൂർ എന്നയാൾ എസ്റ്റിമേറ്റിൽ നിന്നും 11% കുറവ് രേഖപ്പെടുത്തിയിരുന്നു. കൂടാതെ ടെണ്ടറിനോടൊപ്പമുള്ള ഐറ്റം സ്പെസിഫിക്കേഷനിൽ 1514850/- രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പെടുത്തിയിരുന്നു.

എന്നാൽ ഒരു മിനി ഹൈമാസ്റ്റ് ലൈറ്റിന് 82000/- രൂപ ക്വാട്ട് ചെയ്തിരുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും നികുതി ഉൾപ്പെടെ സ്ഥാപനത്തിന് 13656000/- രൂപ നൽകുകയും ചെയ്തു. എന്നാൽ 11% കുറവ് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ 1514850-11% കുറവ് = 1348217 രൂപ നൽകിയാൽ മതിയാകുമായിരുന്നു അതായത് 17383/- രൂപ അധികം നൽകേണ്ടി വന്നു.

ഓഡിറ്റ് എൻക്വയറി 9 നുള്ള മറുപടിയിൽ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത ശ്രീ. കെ.എസ്. പ്രസാദിന്റെ ടെണ്ടറിൽ വാറണ്ടി ഇല്ലാത്തതും, കമ്പനി ഏതെന്ന് വ്യക്തമാക്കാത്തതും, മുൻ പരിചയമില്ലാത്ത സ്വകാര്യ വ്യക്തിയായതു കൊണ്ടും ഗവ. സ്ഥാപനമായ കെ.എസ്.ഐ.ഇ. ലിമിറ്റഡിനെ പ്രവർത്തി ഏൽപ്പിച്ചതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. 17.2.2016ലെ lll(3)നമ്പർ കമ്മിറ്റി തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ ടെണ്ടർ നിയമങ്ങൾക്ക് അനുസൃതമായി നടപടി കൈക്കൊള്ളേണ്ടതുണ്ട്. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെടാത്ത വിവരങ്ങൾ ടെണ്ടറിൽ കാണിച്ചിട്ടില്ല എന്ന കാരണത്താൽ ഒരു ടെണ്ടർ നിരസിക്കാവുന്നതല്ല. ഇത്തരം നടപടികൾ ഗൗരവപൂർവ്വം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) താന്നിമൂട് വാർഡിൽ ബി.പി.എൽ./വിധവ/എസ്.സി./എസ്.റ്റി./വികലാംഗരുടെ ഭൂമിയിൽ ഭൂവികസനം (1-ാം ഘട്ടം) ടി.എസ്.നം. 131/10.6.2015 എന്ന പദ്ധതിയിലുൾപ്പെടുത്തി ശ്രീമതി സുനിതയുടെ 99 ആർ വസ്തുവിൽ പ്രവർത്തി നടത്തിയതിന് 121008/- രൂപ ചെലവഴിച്ചിരുന്നു. സമർപ്പിച്ച രേഖകളിൽ ശ്രീമതി സുനിത പെരിങ്ങമല്ല തെന്നൂർ വാർഡിലെ തൊഴിൽ കാർഡ് ഉള്ള ആളാണ്. കുറുപുഴ വില്ലേജിലെ 99 ആർ വസ്തു ടിയാളുടെതാണെന്ന് വ്യക്തമാക്കുന്ന രേഖകളോ ബി.പി.എൽ./വിധവ/എസ്.സി./എസ്.റ്റി./വികലാംഗ എന്നീ ഗണത്തിൽ ഒന്നിൽ ഉൾപ്പെടുന്നു എന്നതിന് ആധാരമായ രേഖകളോ ലഭ്യമല്ല.

2) മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി (ടി.എസ്.നം. 116/10.6.2015) ശ്രീമതി സുലോചന ബിയുടെ 3

ഏക്കർ വസ്തുവിൽ ഭൂവികസന പദ്ധതി നടപ്പാക്കിയിരുന്നു. ഗിരിജന വികസന പത്രികയിൽ ടിയാൾക്ക് 3 ഏക്കർ കരഭൂമിയുണ്ടെന്നും ആയതിൽ 1 ഏക്കർ ഭാഗത്ത് തെങ്ങും 1 ഏക്കർ ഭാഗത്ത് മറ്റു കൃഷികളും സ്വന്തമായി വീടും ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എം.ബുക്ക് പ്രകാരം 120$m^2$ (3 ഏക്കർ) തരിശ് ഭൂമി 30 സെ.മീ. താഴ്ചയിൽ കിളച്ചതായി രേഖപ്പെടുത്തുന്നു. ആയതിനാൽ 295 സെന്റ് @ 614/സെന്റ് = 181130/- രൂപ നൽകിയതായും കാണുന്നു. ഓഡിറ്റ് എൻക്വയറി നം. 12ൽ വിശദീകരണം ആവശ്യപ്പെട്ടതിന് ബാലകൃഷ്ണൻ കാണിയുടേയും സുലോചനയുടേയും പേരിൽ 4 ഏക്കർ 22 സെന്റ് വസ്തു ഉള്ളതായി മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. തെങ്ങ് മറ്റ് കൃഷികൾ, വീട് എന്നിവ ഒഴിച്ച് 3 ഏക്കർ തരിശ് ഭൂമി കിളച്ചതിന് അളവ് രേഖപ്പെടുത്തി തുക നൽകിയ നടപടി ന്യായമല്ല. വിശദമായ അന്വേഷണം നടത്തി വസ്തുതകൾ ബോധ്യപ്പെടുത്തേണ്ടതാണ്.

3) മീൻമുട്ടി വാർഡിലെ എസ്.സി. കോളനിയിൽ നടപ്പാത നിർമ്മാണം റ്റി.എസ്. നം. 428/15.2.2016 ചെലവ് തുക 432429/- രൂപ എം. ബുക്ക് നം. 498/15-16 പേജ് നം. 14ൽ സാധനവില 5% വാറ്റ് ഉൾപ്പെടെ 366219/- രൂപ ശ്രീ. അജിത് കുമാർ. ആർ.എസ്. ന് നൽകിയിട്ടുണ്ട്. ശ്രീ. അജിത്കുമാറിന്റെ ടെണ്ടർ പ്രകാരം സാധനവില 347115/- രൂപയാണ്. ടിയാളിൽ നിന്നും നികുതി ഈടാക്കി അടച്ചതിന് രേഖകളില്ല. ഓഡിറ്റ് എൻക്വയറി നം. 12 ന് മറുപടിയായി 5% വാറ്റ് തുകയായി 11107/- രൂപ പഞ്ചായത്ത് അക്കൗണ്ടിൽ അടച്ചതായി അറിയിച്ചിരുന്നു. എന്നാൽ രേഖകൾ ലഭ്യമാക്കിയില്ല.

4) കേന്ദ്ര സർക്കാർ സ്ഥാപനമായ പാലോട് എണ്ണപ്പന ഗവേഷണ കേന്ദ്രത്തിൽ പനയുടെ ചുവട് കിളയ്ക്കുന്നതിനായി 50 ലക്ഷം രൂപയുടേയും, ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് തീറ്റപ്പുൽ കൃഷിയ്ക്കായി 30 ലക്ഷം രൂപയുടേയും പദ്ധതികൾ ആവിഷ്കരിച്ച് തുക ചെലവഴിച്ചിരുന്നു. കേന്ദ്ര ഫണ്ടുകളും, സ്ഥിരം തൊഴിലാളികളും ഉള്ള ടി സ്ഥാപനങ്ങൾക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് വിനിയോഗിക്കുന്നത് ടി പദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് മാർഗ്ഗരേഖകൾക്കും ഉതകുന്നതല്ല. തൊഴിൽ ചെയ്തതിന് തൊഴിലുറപ്പ് പദ്ധതി ഫണ്ട് ചെലവഴിച്ചതിന് പുറമേ സ്ഥാപനങ്ങൾ തന്നെ വീണ്ടും ചെലവ് കാണിച്ച് ബില്ല് മാറുന്നതിനും സാഹചര്യമൊരുക്കും.

ഓഡിറ്റ് എൻക്വയറി നം. 12 ന് 3 വാർഡുകളിൽ മറ്റ് പ്രവൃത്തികൾ എടുക്കാൻ ഭൂമി ഇല്ലാത്തതിനാലാണ് ടി പ്രവൃത്തികൾ ഏറ്റെടുത്തതെന്നാണ് മറുപടി നൽകിയത്. മാർഗ്ഗരേഖയിൽ പറയുന്ന മറ്റ് പ്രവൃത്തികൾ ഏറ്റേടുത്തു നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1)ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്.) 207/09/ എൽഎസ്ജിഡി | 22584000 | 11292000 | 3357538 | -- | 7934462 |
| 2) ടി | സ.ഉ.(എം.എസ്.) 90/2009/ എൽഎസ്.ജി.ഡി. 14.3.2013 | 1972554 | 1772554 | 200000 | - | 1572554 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 25993/- രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം , ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 | 2011-12<br>165 | ഡിസിആർജി യിൽ നിന്നും തുക ഈടാക്കൽ | തീർപ്പാക്കിയിട്ടില്ല. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74942004 (മുന്നിരിപ്പ് ഉൾപ്പടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64369480 |
| വരവിനങ്ങളിലുള്ള നഷ്ടം | 11524 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75129 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21580 |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11524 | | ശ്രീ. സുദർശനൻ, സെക്രട്ടറി |
| 3-4 | 75129 | | ശ്രീ. സഞ്ജു. പി. നായർ, എ.ഇ. |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 4780 | സുദർശനൻ, സെക്രട്ടറി |
| 3-2 | 16800 | “ “ |
| ആകെ | 21580 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1) ശ്രീ. സുദർശനൻ, സെക്രട്ടറി | സെക്രട്ടറി,<br>നന്ദിയോട് ഗ്രാമപഞ്ചായത്ത് | നാരായണ വിലാസം, നാരകത്തിൻകുഴി,<br>മൈലക്കര (പി.ഒ.) |
| 2) സഞ്ജു. പി. നായർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് എഞ്ചിനീയർ മലപ്പുറം | പി.സി. 5/704<br>പേരൂർക്കട,<br>തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/357/13/തീയതി 9.5.2013 | 1 |
| 1998-99 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/357/13/തീയതി 9.5.2013 | 2 |
| 1999-00 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/357/13/തീയതി 9.5.2013 | 21 |
| 2000-01 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/1947/06/തീയതി 25.6.2014 | 2 |
| 2001-02 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/1947/06/തീയതി 25.6.2014 | 2 |
| 2002-03 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/1976/06/തീയതി 25.6.2014 | 12 |
| 2003-04 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/563/09/തീയതി 25.6.2014 | 8 |
| 2004-05 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/564/09/തീയതി 25.6.2014 | 2 |
| 2005-06 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/565/09/തീയതി 25.6.2014 | 15 |
| 2006-07 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/565/09/തീയതി 25.6.2014 | 19 |

| | | |
|---|---|---|
| 2007-08 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/1230/14/തീയതി 20.10.2014 | 24 |
| 2008-09 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/1230/14/തീയതി 20.10.2014 | 10 |
| 2009-10 | നം.എൽഎഫ്.റ്റി.ഡി.ജി.പി.11/1229/14/തീയതി 11.8.2014 | 13 |
| 2010-11 | നം.എൽഎഫ്.റ്റി.ഡി.ജി.പി.11/98/14/തീയതി 11.2.2014 | 19 |
| 2011-12 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10(ബി)/751/14/തീയതി 7.8.2014 | 28 |
| 2012-13 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/202/15/തീയതി 20.4.2015/7.7.2015 | 27 |
| 2013-14 | നം.എൽഎഫ്.റ്റി.ഡി.ജി.പി.10/1905/15/തീയതി 12.11.2015 | 14 |
| 2014-15 | കെ.എസ്.എ. റ്റി.വി.എം./ജി.പി.5/1366/16 | 34 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ചുവടെ ചേർക്കുന്നവ ഒഴികെ എന്റെ അഭിപ്രായത്തിൽ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ

ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തിമൂല്യാധിഷ്ഠിതമായി എ.എഫ്.എസ്ൽ ചേർത്തിട്ടില്ല.
2. ഡിസിബി പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ബാലൻസ് ഷീറ്റിലെ തുകകളും പൊരുത്തപ്പെടുന്നില്ല.
3. വസ്തുത നികുതി ക്രമീകരിക്കുന്നതിന് ജേർണൽ എൻട്രി വരുത്തിയിട്ടില്ല.
4. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.
5. വൗച്ചർ ഫണ്ടടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്